**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4986** **01-11-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാധിരാജ ട്രസ്റ്റിന്റെ ഭൂമിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിൽ വിദ്യാധിരാജ ട്രസ്റ്റ് 55 ഏക്കർ ഭൂമി കൈയേറിയതായ പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കാമോ; | (എ) | അട്ടപ്പാടി താലൂക്ക് കോട്ടത്തറ വില്ലേജിൽ വിദ്യാധിരാജ വിദ്യാസമാജം ട്രസ്റ്റിന്റെ പേരിൽ 17 ആധാരങ്ങൾ പ്രകാരം 21.834 ഹെക്ടർ ഭൂമി തീറു വാങ്ങി ഭൂനികുതി അടച്ച കൈവശം വെച്ചു വരുന്നതാകുന്നു. പ്രസ്തുത വിദ്യാധിരാജ വിദ്യാസമാജം ട്രസ്റ്റ് പട്ടികവർഗ്ഗക്കാരുടെ ഭൂമി കയ്യേറിയിട്ടുണ്ടെന്ന് കാണിച്ച് ചില ആദിവാസികൾ സമർപ്പിച്ച പരാതിയിന്മേൽ അട്ടപ്പാടി തഹസിൽദാർ മുഖാന്തിരം അന്വേഷണം നടത്തി വരുന്നു. |
| (ബി) | അട്ടപ്പാടിയിലെ നഞ്ചിയമ്മയുടെ ഭൂമി കൈയ്യേറിയതിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണ റിപ്പോർട്ട് നൽകാമോ? | (ബി) | ഉണ്ട്. അട്ടപ്പാടിയിലെ നഞ്ചിയമ്മയുടെ ഭൂമി കയ്യേറിയതുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് ചുവടെ ചേർക്കുന്നു. അഗളി വില്ലേജിൽ സർവ്വെ നമ്പർ 1167/1, 6 എന്നിവയിൽ ഉൾപ്പെട്ട നാല് ഏക്കർ വിസ്തീർണ്ണം വരുന്ന ഭൂമി അന്യാധീനപ്പെട്ടതായി കാണിച്ച് ശ്രീമതി. നഞ്ചിയമ്മ, W/o നഞ്ചൻ എന്നവരുടെ പൂർവ്വസൂരിയായ നാഗൻ, S/o മണിയൻ, ചൂളിക്കടവ്, അഗളി വില്ലേജ് എന്നയാൾ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ 1975 ലെ കെ.എസ്.ടി ആക്ട് പ്രകാരം ടി.എൽ.എ 297/87-ാം നമ്പരായി ഒരു ഹർജി ഒറ്റപ്പാലം ആർ.ഡി.ഒ ഫയലിൽ സ്വീകരിക്കുകയുണ്ടായി. പ്രസ്തുത കേസിന്മേലുള്ള തുടർനടപടികൾക്കായി സവിശദം പരിശോധിച്ചതിൽ അഗളി വില്ലേജിൽ സർവ്വെ നമ്പർ 1167/1, 6 എന്നിവയിലായി ആകെ 4.81 ഏക്കർ ഭൂമി പട്ടികവർഗ്ഗ കക്ഷിയായ ശ്രീ. നാഗനിൽ നിന്നും പട്ടികവർഗ്ഗേതര വ്യക്തിയായ ശ്രീ.കന്തൻബോയൻ S/o മാരിബോയൻ, അഗളി എന്നവരിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടുകയും, ഇതിൽ 3.41 ഏക്കർ ഭൂമി ശ്രീ. കന്തൻബോയനിൽ നിന്നും മണ്ണാർക്കാട് ടി.എൽ.ബിയുടെ 12/10/1987 ലെ സി.സി-638/73-ാം നമ്പർ ഉത്തരവ് പ്രകാരം മിച്ചഭൂമിയായി ഏറ്റെടുക്കുകയുമുണ്ടായി. ആയത് കിഴിച്ചുള്ള 1.40 ഏക്കർ ഭൂമി ഒറ്റപ്പാലം സബ് |

| | | | |
|---|---|---|---|
| | | | കോടതിയുടെ ഒ.എസ്.21/12-ാം നമ്പർ കേസിന്മേലുള്ള ഉത്തരവ് പ്രകാരം കല്ലമേലിൽ കെ.വി.മാതൃ എന്നയാൾക്ക് സിദ്ധിച്ചിട്ടുള്ളതുമാകുന്നു. ആയതിൽ നിന്നും സർവ്വെ നമ്പർ 1167/1-ൽ ഉൾപ്പെട്ട 20.20 ആർ ഭൂമി ശ്രീ.കെ. വി.മാതൃ ജോസഫ് കര്യൻ, S/o കര്യൻ നിരപ്പത്ത് ഹസ്, നെല്ലിപ്പതി എന്നയാൾക്ക് കൈമാറിയിട്ടുള്ളതും ടിയാൾ ഭൂനികുതി അടച്ച് നാളതീകരിച്ച വരുന്നതുമാകുന്നു. അനന്തരം 1999 ലെ കെ.എസ്.ടി ആക്ടിന് വിധേയമായി ഒറ്റപ്പാലം സബ് കളക്ടർ ടി.എൽ.എ-297/87 നമ്പർ ഹർജിയിന്മേൽ 28.02.2020 ൽ പുറപ്പെടുവിച്ച ഉത്തരവിൽ ശ്രീ.നാഗന്റെ കൈവശത്തിൽ നിന്നും പട്ടികവർഗ്ഗേതര വിഭാഗത്തലേക്ക് കൈമാറിപ്പോയ ഭൂമിയിൽ 3.41 ഏക്കർ മിച്ചഭൂമി കഴിച്ചുള്ള 1.40 ഏക്കർ ഭൂമി പട്ടികവർഗ്ഗേതര വ്യക്തിയായ ശ്രീ. കന്തൻബോയനോ ടിയാന്റെ അനന്തരാവകാശികൾ പേർക്കോ കൈവശത്തിൽ നിർത്തുവാൻ നിർദ്ദേശിച്ചിട്ടുള്ളതാകുന്നു. അന്യാധീനപ്പെട്ട ഭൂമിക്ക് പകരമായി ശ്രീ.നാഗന്റെ അവകാശികൾക്ക് ടി ആക്ടിന്റെ 6-ാം വകുപ്പ പ്രകാരം സർക്കാരിൽ നിന്നും ഭൂമി അനുവദിച്ച കിട്ടുവാൻ അവകാശമുണ്ടായിരിക്കുമെന്ന് പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയും ആയത് നൽകിയിട്ടില്ല. ടി.എൽ.എ കേസിൽ സബ് കളക്ടർ പുറപ്പെടുവിച്ചിട്ടുള്ള പ്രസ്തുത ഉത്തരവിനെതിരെ പാലക്കാട് ജില്ലാ കളക്ടർ മുമ്പാകെ ശ്രീ.നാഗൻ,s/o മണിയൻ എന്നവരുടെ അവകാശികൾ സമർപ്പിച്ച അപ്പീൽ ഹർജിയിന്മേൽ നടപടികൾ തുടരുന്നു. |

സെക്ഷൻ ഓഫീസർ